

TUESDAY 06/05/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/05/2025

1. സർക്കാരിന്റെ നാലാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ വാർഷികാഘോഷം മെയ് 6 മുതൽ 12 വരെ ആലപ്പുഴ ബീച്ചിൽ നടക്കുന്നു.അത്യാധുനിക സംവിധാനങ്ങളോടെ തയ്യാറാക്കിയ ശീതീകരിച്ച പവലിയനിലാണ് 'എൻ്റെ കേരളം' എന്ന പേരിലുള്ള പ്രദർശനവിപണന മേള നടക്കുക. പ്രദർശന വിപണന മേളയിൽ 200 ശീതീകരിച്ച സേവന, വാണിജ്യ സ്റ്റാളുകൾ, ഭക്ഷ്യമേള, സിനിമപ്രദർശനം. തീം സ്റ്റാൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ വൈവിധ്യമാർന്ന വിഷയങ്ങളിലുള്ള സെമിനാറുകൾ എല്ലാ ദിവസവും നടക്കും.. എല്ലാ ദിവസവും പ്രധാനവേദിയിൽ കേരളത്തിലെ പ്രമുഖരായ കലാകാരൻമാർ അണിനിരക്കുന്ന കലാസന്ധ്യ അരങ്ങേറും. മെയ് 06 ന് വൈകിട്ട് മുന്ന് മണിക്ക് ബഹു കൃഷി വകുപ്പ് മന്ത്രി ശ്രീ പി പ്രസാദ് എൻ്റെ കേരളം പ്രദർശന വിപണന മേള ഉദ്ഘാടനം ചെയ്യും ബഹു ഫിഷറീസ്, സംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ' ചടങ്ങിൽ അധ്യക്ഷത വഹിക്കും.

2. കൃഷിവകുപ്പിന് കീഴിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം എസ്.എഫ്.എ.സി. നടപ്പാക്കുന്ന ഫോർമേഷൻ ആൻ്റ് പ്രമോഷൻ ഓഫ് എഫ്.പി.ഒ. എന്ന പദ്ധതി അനുസരിച്ചുള്ള ആനുകൂല്യത്തിനായി തിരുവനന്തപുരം ജില്ലയിൽ നിന്ന് 6303 എഫ്.പി.ഒ.യെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് താല്പര്യമുള്ള എഫ്.പി.ഒ.കൾ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷഫോറവും അനുബന്ധ രേഖകളും 09.05.2024 ന് വൈകുന്നേരം 4.30 ന് മുമ്പായി തിരുവനന്തപുരം ആത്മ പ്രോജക്ട്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിൻ്റെ മാതൃകയും മറ്റ് വിശദാംശങ്ങളും കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്നതാണ്.

3. മികച്ച മൃഗക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾക്കും പ്രവർത്തകർക്കും ആനിമൽവെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ പുരസ്ക്കാരം നൽകുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷ ഫോം കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നിന്നും ലഭിക്കും. ഫോൺ: 0474 2795076.

4. മൃഗസംരക്ഷണ മേഖല നല്കുന്ന സേവനങ്ങളായ മൊബൈല് വെറ്ററിനറിയൂണിറ്റ്, മൊബൈല് സര്ജിക്കല് യൂണിറ്റ് എന്നിവ വഴി കര്ഷകര്ക്ക് വീട്ടുപടിക്കല് സേവനം ലഭ്യമാക്കുന്ന സംബന്ധിച്ചുള്ള വിവരങ്ങള് ലഭിക്കും. പൗള്ട്ടറി ഫാമില് നിന്നുള്ള കോഴിക്കുഞ്ഞുങ്ങളുടെയും മുട്ടയുടെയും പ്രദര്ശനവും വില്പ്പനയും നടക്കും. തീറ്റപ്പുല് കൃഷി കാലിത്തീറ്റ എന്നിവയുടെ പ്രദര്ശനം, ലൈവ് സ്റ്റോക്ക് ഫാമിൻ്റെ മാതൃക, അരുമ പക്ഷികളുടെ പ്രദര്ശനവും സ്റ്റാളിലുണ്ടാവും. രാത്രികാല മൃഗചികിത്സ സേവനങ്ങളെ സംബന്ധിച്ച വിവരങ്ങളും വകുപ്പിന് കീഴിലെ വിവിധ പദ്ധതികളും നേട്ടങ്ങളുടെ പ്രദര്ശനവും ഉണ്ടാവും.

5. വളം-കീടനാശിനി വ്യാപാരികൾക്കും താൽപര്യമുള്ളവർക്കും വേണ്ടി കായംകുളം കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടത്തി വരുന്ന ദേശി കോഴ്സിന്റെ ( അഗ്രികൾച്ചർ എക്സ്റ്റെൻഷൻ സർവീസ് ഫോർ ഇൻപുട് ഡീലേഴ്സ് ഡിപ്ലോമ) 2024-25 വർഷത്തിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. നിലവിൽ വളം കീടനാശിനി വ്യാപാര ലൈസൻസ് ഉള്ളവർക്ക് ഗവൺമെന്റിൽ നിന്ന് 14,000 രൂപ സബ്സിഡി നിരക്കിലും അല്ലാത്തവർക്ക് 28,000 രൂപ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫീസ് ഒടുക്കിയും പരിശീലനത്തിൽ പങ്കെടുക്കാം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 15. വിശദവിവരങ്ങൾക്ക് ആത്മ ആലപ്പുഴ ജില്ലാ ഓഫീസുമായി ബന്ധപ്പെടുക.

6. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് തീറ്റപ്പുല്ല്, വൈക്കോൽ എന്നിവ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് 2 ടണ്ണിൽ താഴെ ശേഷിയുള്ള പിക്-അപ് വാഹനം വാടകയ്ക്ക് (ഡ്രൈവർ ഉൾപ്പെടെ) നൽകുവാൻ താല്പര്യമുള്ളവരിൽനിന്ന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു . ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയതി 08/05 2025 പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പൊടണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം